(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുകൂടി ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) സംസ്ഥാന സ്കൂൾ കലോൽസവരത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 10,000 രൂപ അനുവദിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) 2012-13 അദ്ധ്യയന വർഷംമുതൽ.

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടിയ 387 വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതം അനുവദിക്കുക യുണ്ടായി.

(ഡി) പരിശോധിച്ചുവരുന്നു.

ആഭ്യന്തര സീസണൽ വിനോദസഞ്ചാരം

7 (*787) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആഭ്യന്തര സീസണൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മൺസൂൺ ടൂറിസം പദ്ധതിക്കായി എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഈ വർഷത്തെ ശ്രേഷ്ഠമായ മൺസൂൺ പ്രസ്ഥാന പദ്ധതിയെ ഏതുവിധം ബാധിച്ചുവെന്നും വിലയിരുത്തിയിട്ടുണ്ടോ ;

(സി) മഞ്ഞുകാലത്ത് തെക്കേ ഇന്ത്യയിലേക്ക് വിനോദസഞ്ചാരം നടത്തുന്ന ഉത്തരേന്ത്യൻ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ വേണ്ട നടപടികൾ മുൻകൂർ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ)

- ആഭ്യന്തര സീസണൽ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഈ വർഷം 31 ദേശീയ വ്യാപാര മേളകളിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിന് പുറത്ത് തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ റോഡ്ഷോകൾ, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട്സ് ഡിസ്പ്ലേ എന്നിവയും സംഘടിപ്പിക്കുന്നു.

- സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. Youtube, Bloggers Camp, Online painting competition, കേരളത്തിന്റെ തനത് ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ സി.ഡി. നിർമ്മാണം, Ariel shot മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്പൈസ് റൂട്ട് ബ്രോഷർ തയ്യാറാക്കിയിട്ടുണ്ട്.

- മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നീ കാമ്പയിനുകളുടെ ഭാഗമായി വിവിധ ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ വഴി പരസ്യ പ്രചാരണം നടത്തിവരുന്നു.

- ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങളും നടപ്പിലാക്കിവരുന്നു.

- കേരള ടൂറിസത്തിന്റെ പ്രധാന വിപണികളായ ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'വിസ ഓൺ അറൈവൽ' എന്ന നൂതന സംവിധാനം ആവിഷ്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൺസൂൺ കാലത്ത് പ്രത്യേകമായി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ മൺസൂൺ കാമ്പയിൻ എന്ന പരസ്യപ്രചാരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിൽ പരസ്യങ്ങൾ, ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ എന്നിവയും നൽകിവരുന്നു. ഈ വർഷത്തെ മൺസൂണിന്റെ ദൗർലഭ്യം വിനോദസഞ്ചാരികളുടെ കേരളത്തിലേയ്ക്കുള്ള വരവിനെ ബാധിച്ചതായി കാണുന്നില്ല.

(സി) മഞ്ഞുകാലത്ത് കൂടുതൽ ഉത്തരേന്ത്യൻ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിണർ റീചാർജ് പദ്ധതി

8 (*788) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കടിവെള്ളത്തിനും ഗാർഹിക ആവശ്യങ്ങൾക്കുമായി കിണറുകൾ ജല സമൃദ്ധമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് കിണർ റീചാർജിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കിണർ റീചാർജിംഗ് പദ്ധതിയുടെ ഭാഗമായി മേൽക്കൂരകളിൽനിന്നും പാത്തികൾവഴി മഴവെള്ളം ശേഖരിച്ച് കിണറുകൾ, കുഴൽ കിണറുകൾ എന്നിവയിൽ നേരിട്ടോ അല്ലെങ്കിൽ കിണറിന് സമീപത്തായി ചെറിയ മഴക്കുഴികൾ നിർമ്മിച്ച് അതിലേക്കോ കടത്തിവിടുന്നു. ചെറിയ തടയണകൾ, വി.സി.ബി. കൾ, അടിയണകൾ, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും കിണർ റീ ചാർജിംഗ് പദ്ധതിയിൽപ്പെടുത്തി ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) sub-surface dyke എന്നീ രീതികൾ ഈ പദ്ധതിയിൽപ്പെടുത്തി ജലനിധി വകുപ്പ് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly